# നടപടിക്രമങ്ങൾ

# അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ.സി.സി,

# എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം,

# തിരുവനന്തപുരം

## (ഹാജർ: കെ അനിൽകുമാർ)

എൻ.സി.സി വകുപ്പ് -ജീവനക്കാര്യം - വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ ഉൾപ്പെടെ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത്- ജില്ലാതല . Cadre Strength നിജപ്പെടുത്തി താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

നമ്പർ :151/എ2-എസ്റ്റാ/2019/എൻ.സി.സി  തിരുവനന്തപുരം  തീയതി : 23 ജൂൺ 2020

---

സൂചന : (1) ജി.ഒ(പി) നമ്പർ 1/2014/ഉ.ഭ.പ.വ തീയതി 03.01.2014.

(2) ജി.ഒ (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014

(3) ജി.ഒ (പി) നമ്പർ 16/2015/ഉ.ഭ.പ.വ തീയതി 28.05.2015.

(4) ഈ ഓഫീസിലെ 04 ആഗസ്റ്റ് 2015 തീയതിയിലെ 309/എ2-എസ്റ്റാ/2014/എൻ.സി.സി നമ്പർ ഉത്തരവ്.

(5) ഈ ഓഫീസിലെ 20.05.2019 തീയതിയിലെ 0151/എ2-എസ്റ്റാ/2019/എൻ.സി.സി നമ്പർ ഉത്തരവ്.

6. ജി.ഒ (പി) നമ്പർ 4/2020/ഉ.ഭ.പ.വ തീയതി 22.01.2020.

1. സൂചന (1)-ലെ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ളാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

2. സൂചന (2)ലെ ഉത്തരവ് പ്രകാരം എല്ലാ നിയമനാധികാരികളും അതാത് വകുപ്പിലെ ജില്ലാ തലത്തിലുള്ള എൽ.ഡി.സി/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ Cadre Strength നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ സൂചന (1)-ലെ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പാടുള്ളൂ എന്നും നിയമനങ്ങൾ ജില്ലാ തലത്തിൽ മാത്രമാണ് നടത്തേണ്ടത് എന്നും സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

3. സൂചന (3)-ലെ ഉത്തരവനുസരിച്ച് തസ്തികമാറ്റ നിയമനത്തിന് ജില്ലാ/മേഖലാ തലത്തിൽ എൽ.ഡി ക്ളാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തികകൾ മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാന തലത്തിൽ എൽ.ഡി ക്ളാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% നിയമനത്തിനായി മാറ്റി വയ്ക്കണമെന്നും ഉത്തരവായിരുന്നു. അപ്രകാരം സംസ്ഥാന തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് സൂചന (4) പ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുകയും ചെയ്തു. തുടർന്ന് സൂചന (5) പ്രകാരം പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് വീണ്ടും പ്രസിദ്ധീകരിക്കുകയും ആയതിൽ നിന്ന് നിയമനം നടത്തികൊണ്ടിരിക്കുകയും ചെയ്തു വരുന്നു.

4. സൂചന (6)-ലെ ഉത്തരവ് പ്രകാരം വീണ്ടും സൂചന (2)-ലെ ഉത്തരവിലെ ഖണ്ഡിക 2 (ii) വീണ്ടും പുന:സ്ഥാപിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിൽ Cadre Strength നിജപ്പെടുത്തേണ്ടതും ജില്ലാ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം ഈ വകുപ്പിന്റെ ജില്ല തിരിച്ചുള്ള മൊത്തം ക്ളാർക്കിന്റെയും ടൈപ്പിസ്റ്റിന്റെയും അനുവദിക്കപ്പെട്ട എണ്ണത്തിന്റെ 10% (fractions ഇല്ലാതെ) കണക്കാക്കി ചുവടെ കൊടുത്തിരിക്കുന്നു.

| S. No | DRB | Auth Str Senior Clerk | Auth Str Clerk | No of Vac reserved for 10% promotion | Auth Str LDT | No of vac reserved for 10% promotion |
|---|---|---|---|---|---|---|
| 01. | Thiruvananthapuram | 32 | 33 | 03 | 06 | 0 |
| 02 | Kollam | 21 | 20 | 02 | 02 | 0 |
| 03 | Pathanamthitta | 08 | 08 | - | 01 | 0 |
| 04 | Alappuzha | 13 | 13 | 01 | 01 | 0 |
| 05 | Kottayam | 21 | 20 | 02 | 02 | 0 |
| 06 | Idukki | 04 | 03 | - | - | - |
| 07 | Ernakulam | 22 | 22 | 02 | 03 | 0 |
| 08 | Thrissur | 14 | 13 | 01 | 02 | 0 |
| 09 | Palakkad | 08 | 08 | - | 01 | 0 |
| 10 | Malappuram | 05 | 04 | - | 01 | 0 |
| 11 | Kozhikode | 17 | 17 | 01 | 03 | 0 |
| 12 | Wayanad | - | 01 | - | - | 0 |
| 13 | Kannur | 10 | 09 | - | 01 | 0 |
| 14 | Kasaragod | | 01 | - | - | |
| | **Total** | 175 | 172 | 12 | 23 | |

5) മേൽ പറഞ്ഞ രീതികൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിലെ Cadre Strength-ൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് പരാതി 21/07/2020 തീയതിക്കകം ഈ ഓഫീസിൽ ബന്ധപ്പെട്ട ഓഫീസ് അധികാരി മുഖേന ലഭ്യമാക്കേണ്ടതാണ് അറിയിക്കുന്നു.

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

(കെ അനിൽകുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ)

1. എല്ലാ ഗ്രൂപ്പുകൾക്കും എല്ലാ യൂണിറ്റുകൾക്കും

2. ഔദ്യോഗിക വെബ്സൈറ്റ്

3. എല്ലാ സെക്ഷനുകൾക്കും, ഐ.റ്റി, ഫയൽ